## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4637** **23.07.2015-ൽ മറുപടിയ്ക്ക്**

# കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

ചോദ്യം

ശ്രീ. ഇ. ചന്ദ്രശേഖരൻ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഊർജ്ജ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) ആർ.ജി.ജി. വി. വൈ, ആർ.എ.പി.ഡി.ആർ.പി. എന്നീ പദ്ധതികൾ നടപ്പിലാക്കി. 2011 - ൽ നിലവിൽ വന്ന 12.7 കോടി രൂപയുടെ ആർ,എ.പി.ഡി.ആർ.പി. പദ്ധതി പ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തിൽ 36.41 കിലോ മീറ്റർ 11 കെ.വി. ലൈനും, 3.75 കിലോ മീറ്റർ 11 കെ.വി. യു.ജി. കേബിളും, 56 എണ്ണം 100 കെ.വി. എ. ട്രാൻസ്ഫോർമറുകളും 1.56 കിലോ മീറ്റർ എൽ.റ്റി. ലൈനും, 22.901 കിലോ മീറ്റർ എൽ.റ്റി. കൺവർഷൻവർക്കും, പൂർത്തീകരിച്ചു. കൂടാതെ 33 കെ.വി. സബ്സ്റ്റേഷന്റെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

ആർ.ജി.ജി. വി. വൈ പദ്ധതി പ്രകാരം 45 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു. 51.199 കിലോ മീറ്റർ 11 കെ.വി. ലൈനും, 15.15 കിലോ മീറ്റർ എൽ.റ്റി. ത്രീഫേസ് ലൈനും, 39.063 കിലോ മീറ്റർ എൽ.റ്റി. സിംഗിൾ ഫേസ് ലൈനും നിർമ്മിച്ച് 1940 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകി.

പ്രസരണ വിഭാഗത്തിൽ-

1. കാഞ്ഞങ്ങാട് 110 കെ.വി. സബ്സ്റ്റേഷൻ ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പഴയ 10 MVA – യുടെ ട്രാൻസ്ഫോർമർ മാറ്റി 12.5 MVA – യുടെ രണ്ട് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു.
2. കാഞ്ഞങ്ങാട് സബ്സ്റ്റേഷനിൽ നിന്നു പുതിയതായി താഴെപ്പറയുന്ന രണ്ട് 11 കെ.വി. ഫീഡറുകൾ നൽകിയിട്ടുണ്ട്.
    a. 11 കെ.വി. മടിക്കൈ ഫീഡർ.
    b. 11 കെ.വി. വെള്ളിക്കോത്ത് ഫീഡർ.

(ബി) മണ്ഡലത്തിൽ വകുപ്പ് ഏറ്റെടുത്ത് നടത്താനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അതിനുള്ള മതിപ്പ് ചെലവ് എത്രയാണെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികൾ ഏതുഘട്ടത്തിലാണെന്നു പറയാമോ ?

(ബി) & (സി) പുതുതായി നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികൾ, ഡി.ഡി.യു.ജി.ജെ.വൈ.യും, ഐ.പി.ഡി.എസ്സും ആണ്. ഡി.ഡി.യു.ജി.ജെ.വൈ.യ്ക്ക് 2.5 കോടി രൂപയും, ഐ.പി.ഡി.എസ്സിന് 5 കോടി രൂപയും മതിപ്പ് ചെലവ് കണക്കാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ DPR സമർപ്പിച്ചിട്ടുണ്ട്.

പ്രസരണ വിഭാഗത്തിൽ -

1. കാഞ്ഞങ്ങാട് ടൗൺ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായുള്ള കൺട്രോൾ റൂം നിർമ്മാണം അവസാനഘട്ടത്തിലാണ്. 33 കെ.വി. ഫീഡർ നിർമ്മാണ പ്രവൃത്തികൾ 50% പൂർത്തീകരിച്ചു.

2. രാജപുരം 33 കെ.വി. സബ്സ്റ്റേഷനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

**സെക്ഷൻ ഓഫീസർ.**